# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 25 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### ശബരിമല ദർശനം: ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദേശങ്ങൾക്ക് മുന്ഗണന - ദേവസ്വം ബോർഡ് പ്രസിഡന്റ്

ശബരിമല ദർശനത്തിന് എത്തുന്ന ഭക്തരുടെ എണ്ണം സംബന്ധിച്ച കാര്യത്തില് ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദേശങ്ങൾക്കാണ് മുൻഗണനയെന്ന് തിരുവിതാംകൂര് ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എന്. വാസു പറഞ്ഞു. മണ്ഡല പൂജയോട് അനുബന്ധിച്ച് സന്നിധാനത്ത് നടത്തിയ വാർത്താ സമ്മേളനത്തില് സംസാരിക്കുകയായിരുന്നു അദ്ദേഹം. മണ്ഡല - മകര വിളക്ക് ഉത്സവങ്ങൾക്കുള്ള ഒരുക്കങ്ങള് പൂർത്തിയായതായും ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞു.

തീർഥാടനം മുടക്കുന്നത് ശരിയല്ല എന്ന ദേവസ്വം ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മണ്ഡകാലം ആരംഭിച്ചത്. ഈ തീരുമാനം ദേവസ്വം ബോർഡ് സംസ്ഥാന സർക്കാരിനെ അറിയിച്ചു. വിവിധ സർക്കാര് വകുപ്പുകളുടെ ഏകോപനത്തോടെ മാത്രമേ ശബരിമല മണ്ഡലകാല പ്രവർത്തനങ്ങള് മുന്നോട്ട് കൊണ്ടുപോകാനാവൂ. ദേവസ്വം ബോർഡ് തീരുമാനത്തോട് അനുകൂലമായ നിലപാടാണ് സംസ്ഥാന സർക്കാര് സ്വീകരിച്ചത്. ഇതിനായി മുഖ്യമന്ത്രിയുടെയും ദേവസ്വം മന്ത്രിയുടേയും നേതൃത്വത്തില് പ്രത്യേക യോഗം വിളിച്ചു ചേർത്ത് എല്ലാ വകുപ്പുകളുടേയും പങ്കാളിത്തം ഉറപ്പാക്കി. എന്നാല്, കോവിഡ് പശ്ചാത്തലത്തില് ശബരിമലയില് രോഗവ്യാപനം ഉണ്ടാകുമോയെന്ന ആശങ്ക ആരോഗ്യ വകുപ്പ് അധികൃതര് പങ്ക് വച്ചു. ഇത് കണക്കിലെടുത്താണ് തീർഥാടകരുടെ എണ്ണം തുടക്കത്തില് ആയിരമെന്ന നിലയില് പരിമിതപ്പെടുത്തിയത്. പിന്നീട് ബന്ധപ്പെട്ട കമ്മിറ്റികളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തില് തീർഥാടകരുടെ എണ്ണം

വർധിപ്പിക്കാമെന്ന തീരുമാനത്തിലേക്ക് ദേവസ്വം ബോർഡ് എത്തി. ഇതിന്റെ അടിസ്ഥാനത്തില് രണ്ടായിരമായും തുടർന്ന് മൂവായിരമായും ഭക്തരുടെ എണ്ണം വർധിപ്പിച്ചു. മണ്ഡല പൂജയ്ക്കും മകരവിളക്കിനും അയ്യായിരവുമാക്കി. ആളുകളുടെ എണ്ണം വർധിപ്പിച്ചതിനൊപ്പം കോവിഡ് പ്രോട്ടോക്കോള് പാലിക്കുന്നതും ഉറപ്പാക്കി. എന്നാല്, ശബരിമല സേവനത്തിലേർപ്പെട്ട വിവിധ വിഭാഗം ജീവനക്കാരില് കോവിഡ് ബാധിച്ചതായി കണ്ടെത്തി. സന്നിധാനം, പമ്പ, നിലയ്ക്കല് എന്നിവിടങ്ങളിലായി ഡിസംബർ 24 വരെ 390 പേർക്കാണ് കോവിഡ് സ്ഥിരീകരിച്ചത്. ഇതില് 96 ഭക്തരെ നിലയ്ക്കലില് നിന്ന് തന്നെ തിരിച്ചയച്ചു. 289 ജീവനക്കാർക്കാണ് കോവിഡ് സ്ഥിരീകരിച്ചത്. ദേവസ്വം ബോർഡ്, പോലീസ്, ആരോഗ്യ വകുപ്പ്, കെഎസ്ഇബി, എക്സൈസ് തുടങ്ങി എല്ലാ വിഭാഗത്തിലേയും സ്ഥിരം ജീവനക്കാരും താൽക്കാലിക തൊഴിലാളികളും ഇതില് ഉൾപ്പെടും. ജീവനക്കാരിലെ കോവിഡ് രോഗം കണ്ടെത്തുന്നതിനായി സന്നിധാനത്ത് ആന്റിജന് ടെസ്റ്റ് ക്യാമ്പും നടത്തി. രോഗം സ്ഥിരീകരിച്ചവരെയും പ്രാഥമിക സമ്പർക്കപ്പട്ടികയില് ഉൾപ്പെട്ടവരെയും സമയബന്ധിതമായി സന്നിധാനത്ത് നിന്നും നീക്കി. ജീവനക്കാരില് രോഗബാധയുണ്ടായെങ്കിലും ആശങ്കപ്പെടേണ്ട സാഹചര്യമില്ലാത്തതിനാല് ബദല് സംവിധാനം ഏർപ്പെടുത്തി തീർഥാടനം മുന്നോട്ട് കൊണ്ട് പോകാനായി.

മണ്ഡലകാലം ആരംഭിച്ച് 39 ദിവസം പിന്നിട്ടപ്പോള് 71,706 ഭക്തരാണ് ദർശനം നടത്തിയത്. ഇക്കാലയളവില് 9,09,14,893 (ഒൻപത് കോടി ഒൻപത് ലക്ഷത്തി പതിനാലായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി മൂന്ന്) രൂപയാണ് ശബരിമലയിലെ വരുമാനം. മുന് വർഷമിത് 156,60,19,661 (നൂറ്റി അമ്പത്തിയാറ് കോടി അറുപത് ലക്ഷത്തി പത്തൊൻപതിനായിരത്തി അറുന്നൂറ്റി അറുപത്തിയൊന്ന്) രൂപയായിരുന്നു. മുൻവർഷത്തിനെ അപേക്ഷിച്ച് നോക്കുമ്പോള് അതിന്റെ അഞ്ച് ശതമാനത്തില് താഴെയാളുകള് മാത്രമേ ഈ വർഷം ദർശനത്തിനായി എത്തിയിട്ടുള്ളൂ.

ഇത് വരെ ആന്റിജന് ടെസ്റ്റ് നടത്തിയ ശേഷമാണ് ജീവനക്കാരെയും ഭക്തരെയും സന്നിധാനത്തേക്ക് പ്രവേശിപ്പിച്ചിരുന്നത്. ഡിസംബർ 26 മുതല് ആർടിപിസിആർ ടെസ്റ്റ് നടത്തിയവരെ മാത്രം പ്രവേശിപ്പിച്ചാല് മതിയെന്നാണ് ഹൈക്കോടതിയുടേയും സർക്കാരിന്റെയും നിർദേശം. എന്നാല്, ആർടിപിസിആർ ടെസ്റ്റ് നടത്തി റിപ്പോർട്ട് കിട്ടാനുള്ള കാലതാമസവും ചെലവും പരിഗണിച്ച് വിഷയം ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇതേ തുടർന്ന് ആർടിപിസിആർ ടെസ്റ്റിന് പുറമേ ആർടി ലാമ്പ് ടെസ്റ്റ്, എക്സ്പ്രസ് നാറ്റ് എന്നീ രണ്ട് ടെസ്റ്റുകളിലേതെങ്കിലും നടത്തി നെഗറ്റീവാകുന്നവരെയും സന്നിധാനത്തേക്ക് പ്രവേശിപ്പിക്കാന് തീരുമാനമായി. ആർടി ലാമ്പ് ടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യം നിലയ്ക്കല് ഇല്ലെങ്കിലും കോഴഞ്ചേരിയില് പരിശോധന നടത്താനുള്ള സംവിധാനമുണ്ട്.

ദർശനത്തിന് പരമാവധി ആളുകൾക്ക് അവസരം നൽകണമെന്നാണ് ദേവസ്വം ബോർഡിന്റെ അഭിപ്രായമെങ്കിലും കോവിഡിന്റെ പശ്ചാത്തലത്തില് ഹൈക്കോടതിയുടേയും സർക്കാരിന്റെയും നിർദേശങ്ങൾക്കാണ് മുന്ഗണന. ഇതോടൊപ്പം ആരോഗ്യ വകുപ്പിന്റെയും പോലീസിന്റെയും അഭിപ്രായവും പങ്കാളിത്തവും ദേവസ്വം ബോർഡ് പരിഗണിക്കും.

മകര വിളക്ക് വരെ ദർശനത്തിനുള്ള ഓൺലൈന് ബുക്കിംഗ് ഇതിനോടകം പൂർത്തിയായിക്കഴിഞ്ഞു. മകരവിളക്ക് വരെ അയ്യായിരം പേർക്ക് വീതം ദർശനത്തിന് അവസരമുണ്ട്. 2011 മുതല് പോലീസ് തുടങ്ങിയ വെർച്ചല് ക്യൂ സംവിധാനം കോവിഡിന്റെ പശ്ചാത്തലത്തില് ഈ വർഷം ദേവസ്വം ബോർഡ് പ്രയോജനപ്പെടുത്തുകയായിരുന്നു. തിരുപ്പതി, ഗുരുവായൂർ മാതൃകയില് വെർച്ചല് ക്യൂ സംവിധാനം പൂർണമായും ഏറ്റെടുത്ത് നടത്തുന്നതിനെ കുറിച്ച് ദേവസ്വം ബോർഡ് ആലോചിക്കുന്നുണ്ട്. ദേവസ്വം ബോർഡിന്റേതായ

ഓൺലൈന് ബുക്കിംഗ് സംവിധാനമെന്ന നിലയിലാവും ഇത് നടപ്പാക്കുകയെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എന്.വാസു പറഞ്ഞു. ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണര് സുധീഷ്, ചീഫ് എൻജിനിയര് കൃഷ്ണകുമാര്, ഡെപ്യൂട്ടി എൻജിനിയര് അജിത്ത് കുമാര്, ഫെസ്റ്റിവെല് കൺട്രോളര് പദ്മകുമാര് എന്നിവരും പത്രസമ്മേളനത്തില് പങ്കെടുത്തു.

**(പി.ആര്. ശബരി - (141)**




# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 25 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

*www.prd.kerala.gov.in, prdnewssabarimala2021@gmail.co*

**മണ്ഡലപൂജ ദിനത്തില് ശബരിമലയിലെ ചടങ്ങുകള് (26.12.2020)**

.........

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തല്
5 ന്.... നട തുറക്കല്
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതല് 10 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
11.30 ന് ....25 കലശാഭിഷേകം തുടര്ന്ന് കളഭാഭിഷേകം
11.40നും 12.20നും മദ്ധ്യേ ... തങ്കയങ്കി ചാർത്തിയുള്ള മണ്ഡലപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ന് ദീപാരാധന
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി
9 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

**(പി.ആര്. ശബരി - (142)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | | |
|---|---|---|
| DECEMBER | 25 | 2020 |



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### കലിയുഗവരദന് തങ്ക അങ്കി ചാർത്തിയുള്ളമണ്ഡലപൂജ ഇന്ന്; ശബരിമല ഭക്തി സാന്ദ്രം

### തങ്ക അങ്കിക്ക് ഭക്തി നിർഭരമായ സ്വീകരണം

കാനനവാസന് അയ്യപ്പ സ്വാമിക്ക് തങ്ക അങ്കി ചാർത്തിക്കൊണ്ട് ശബരിമല മണ്ഡല ഉത്സവത്തിന് സമാപനം കുറിച്ചുള്ള മണ്ഡല പൂജയ്ക്ക് ഇനി മണിക്കൂറുകള് ബാക്കി. ഇതിന് മുന്നോടിയായി ഭക്തിസാന്ദ്രമായ അന്തരീക്ഷത്തില് ആറന്മുള പാർഥസാരഥി ക്ഷേത്രത്തില് നിന്നും ഘോഷയാത്രയായി എത്തിച്ച, ശബരിമല ധർമശാസ്താവിന് ചാർത്താനുള്ള തങ്ക അങ്കിക്ക് വെള്ളിയാഴ്ച്ച വൈകിട്ട് സന്നിധാനത്ത് വരവേൽപ്പ് നൽകി. ശനിയാഴ്ച പകല് 11.40നും 12.20 നും മദ്ധ്യേയുള്ള മീനം രാശി മുഹൂർത്തത്തിലാണ് തങ്കയങ്കി ചാർത്തിയുള്ള മണ്ഡലപൂജ നടക്കുക. തിരുവിതാംകൂര് മഹാരാജാവായിരുന്ന ശ്രീചിത്തിര തിരുനാള് ബാലരാമ വർമയാണ് മണ്ഡല പൂജയ്ക്കു ചാർത്തുന്നതിനുള്ള 450 പവന് തൂക്കമുള്ള തങ്കഅങ്കി 1973-ല് നടയ്ക്കുവച്ചത്.

വെള്ളിയാഴ്ച്ച ഉച്ചക്ക് ഒരു മണിയോടെ അയ്യപ്പന് ചാർത്താനുള്ള തങ്കയങ്കിയും വഹിച്ചുള്ള ഘോഷയാത്ര പമ്പയില് എത്തിച്ചേർന്നു. തുടർന്ന് പമ്പയില് വിശ്രമിച്ച ശേഷം മൂന്നു മണിയോടെ തങ്കയങ്കി പേടകവുമായി സന്നിധാനത്തേക്ക് യാത്ര തിരിച്ചു.തങ്ക അങ്കി സ്വീകരിക്കാനുള്ള്ള സംഘത്തെ 5.10 ന് തന്ത്രി കണ്ഠരര് രാജീവരും മേൽശാന്തി ജയരാജ് പോറ്റിയും മാലയണിയിച്ച് ഭസ്മം ചാർത്തി. തുടർന്ന് കന്നിമൂല ഗണപതിയെ വണങ്ങി ശ്രീകോവിലിന് വലം വച്ച് എക്സിക്യൂട്ടീവ് ഓഫീസര് ഗണേശ്വരന് പോറ്റി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസര്

(ഹെഡ് അക്കൗണ്ടന്റ്) എം. അഭിജിത്ത്, സോപാനം സ്പെഷ്യല് ഓഫീസര് എം.രവികുമാര്, പോലീസ് അസി. സ്പെഷ്യല് ഓഫീസര് പി.കെ.സന്തോഷ്, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് വിജിലൻസ് ആൻഡ് സെക്യൂരിറ്റി പി.ബി. അനീഷ്, അസി. എൻജിനിയര് ശബരിമല കെ. സുനില് കുമാര്, അസി. എൻജിനിയര് ഇലക്ട്രിക്കല് ശബരിമല ജി. സന്തോഷ് കുമാര്, ദേവസ്വം പിആര്ഒ സുനില് അരുമാനൂര്, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് സന്നിധാനം റ്റി.ഡി. പ്രജീഷ്, ഡെപ്യൂട്ടി ഫോറസ്റ്റ് റേഞ്ച് ഓഫീസര് കെ.ബി.മണിക്കുട്ടന്, ദേവസ്വം ഉദ്യോഗസ്ഥര് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം ശരംകുത്തിയിലേക്ക് പുറപ്പെട്ടു.

വൈകുന്നേരം 5.30ന് ശരംകുത്തിയില് വച്ച് തിരുവിതാംകൂര് ദേവസ്വം ബോർഡിന്റെ നേതൃത്വത്തില് തങ്കയങ്കി ഘോഷയാത്രക്ക് ആചാരപൂർവം സ്വീകരണം നൽകി. തുടർന്ന് ക്ഷേത്രത്തിലേക്ക് ആനയിച്ചു. 6.15ന് ഘോഷയാത്ര വലിയ നടപ്പന്തലിലെത്തി. 6.22ന് പതിനെട്ടാം പടിക്ക് മുകളിലായി കൊടിമരച്ചുവട്ടില് വച്ച് തിരുവിതാംകൂര് ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ.എന്.വാസു, ദേവസ്വം കമ്മീഷണര് ബി.എസ്.തിരുമേനി, ഐ.ജി. എസ്. ശ്രീജിത്ത്, ചീഫ് എൻജിനിയര് കൃഷ്ണകുമാര്, എക്സിക്യൂട്ടീവ് എൻജിനിയര് അജിത് കുമാര്, സന്നിധാനം പോലീസ് സ്പെഷ്യല് ഓഫീസര് എ.എസ്.രാജു തുടങ്ങിയവരും മറ്റ് വിശിഷ്ട അതിഥികളും ചേർന്ന് ഘോഷയാത്രയായി കൊണ്ടുവന്ന തങ്കയങ്കിയെ സ്വീകരിച്ച് സോപാനത്തിലേക്ക് ആനയിച്ചു. തുടർന്ന് തങ്കയങ്കി സോപാനത്തില് വച്ച് തന്ത്രി കണ്ഠരര് രാജീവരും മേൽശാന്തി ജയരാജ് പോറ്റിയും ചേർന്ന് ഏറ്റുവാങ്ങി ശ്രീകോവിലിന് ഉള്ളിലേക്ക് കൊണ്ടുപോയി. ശേഷം 6.30ന് തങ്ക അങ്കി ചാർത്തിയുള്ള മഹാ ദീപാരാധന നടന്നു. രാത്രി 8.30 ന് അത്താഴപൂജയ്ക്ക് ശേഷം 8.50 ന് ഹരിവരാസനം പാടി ഒൻപതു മണിക്ക് നട അടയ്ക്കും. പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങള് പാലിച്ചായിരുന്നു ചടങ്ങുകള് സംഘടിപ്പിച്ചത്.

26 ന് പുലർച്ചെ അഞ്ചിന് നട തുറക്കും. 26 ന് ഭക്തർക്ക് ദർശനത്തിന് ചില നിയന്ത്രണങ്ങള് ഏർപ്പെടുത്തിയിട്ടുണ്ട്. 26 ന് രാത്രി ഹരിവരാസനം പാടി നട അടയ്ക്കുന്നതോടെ മണ്ഡലപൂജ ഉത്സവത്തിന് സമാപനമാകും. മകരവിളക്ക് ഉത്സവത്തിനായി ഡിസംബര് 30 ന് വൈകുന്നേരം ക്ഷേത്രനട തുറക്കും. 31 മുതല് 2021 ജനുവരി 19 വരെയാണ് മകരവിളക്ക് ഉല്സവ കാലം. 31 മുതല് ഭക്തർക്ക് പ്രവേശനം ഉണ്ടാകും. ജനുവരി 14 നാണ് മകരവിളക്ക്.

**(പി.ആര്. ശബരി - (143)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.